പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 178

# 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 29-01-2019

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 178

# 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 178

# 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

## 1969-ലെ കേരള സഹകരണ സംഘ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1969-ലെ കേരള സഹകരണ സംഘ ആക്റ്റ് (1969-ലെ 21) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) 3-ാം ഖണ്ഡം 2019 ജനുവരി 8-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും മറ്റ് ഖണ്ഡങ്ങൾ സർക്കാർ വിജ്ഞാപനം ചെയ്യുന്ന തീയതികളിൽ പ്രാബല്യത്തിൽ വരുന്നതും വ്യത്യസ്ത ഖണ്ഡങ്ങൾക്ക് വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതുമാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1969-ലെ കേരള സഹകരണ സംഘ ആക്റ്റിലെ (1969-ലെ 21) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(i) (ഐഎ) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(ഐഎ) "ജില്ലാ സഹകരണ ബാങ്ക്" എന്നാൽ, ഒരു റവന്യൂ ജില്ലയിൽ അധികാരിതയുള്ളതും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അർബൻ സഹകരണ ബാങ്കുകളും മാത്രം അതിന്റെ അംഗങ്ങളായിട്ടുള്ളതും, നാമമാത്ര അല്ലെങ്കിൽ അസോസിയേറ്റ് അംഗങ്ങൾ ഉൾപ്പെടെയുള്ള അതിലെ അംഗങ്ങൾക്കും വ്യക്തികൾക്കും വായ്പ നൽകുന്നതിന് ഫണ്ട് സ്വരൂപിക്കുക എന്ന പ്രധാന ഉദ്ദേശ്യം ഉള്ളതും 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിന് തൊട്ടുമുൻപ് ഈ ആക്റ്റിൻ കീഴിൽ നിലവിലുണ്ടായിരുന്നതും പ്രസ്തുത ഭേദഗതി ആക്റ്റ് പ്രാബല്യത്തിൽ വന്നതിനുശേഷം കാലഹരണപ്പെട്ടതുമായ ഒരു കേന്ദ്ര സംഘം എന്ന് അർത്ഥമാകുന്നു.";

(ii) (കെ) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(കെഎ) "കേരള സംസ്ഥാന സഹകരണ ബാങ്ക് " എന്നാൽ, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അർബൻ സഹകരണ ബാങ്കുകളും അംഗങ്ങളായിട്ടുള്ളതുമായ ഒരു അപ്പക്സ് ബാങ്ക് എന്ന് അർത്ഥമാകുന്നതും അതിൽ ജില്ലാ സഹകരണ ബാങ്കുകളിലെ നാമമാത്ര അല്ലെങ്കിൽ അസോസിയേറ്റ് അംഗങ്ങൾ ഉൾപ്പെടുന്നതും അവയ്ക്ക് കേരള സംസ്ഥാന സഹകരണ ബാങ്കിൽ നാമമാത്ര അല്ലെങ്കിൽ അസോസിയേറ്റ് അംഗങ്ങളായി തുടരാവുന്നതുമാകുന്നു;";

(iii) (ആർബി) ഖണ്ഡം ഒഴിവാക്കേണ്ടതാണ്;

(iv) (എസ്) ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത് :—

"(എസ്എ) "ട്രാൻസ്ഫറി ബാങ്ക്" എന്നാൽ കേരള സംസ്ഥാന സഹകരണ ബാങ്ക് എന്ന് അർത്ഥമാകുന്നു;

(എസ്ബി) " ട്രാൻസ്ഫറർ ബാങ്ക് "എന്നാൽ ഈ വകുപ്പിലെ ഖണ്ഡം (ഐഎ) പ്രകാരം നിർവ്വചിക്കപ്പെടുന്ന ജില്ലാ സഹകരണ ബാങ്ക് എന്നർത്ഥമാകുന്നു;" .

3. <u>14 എ എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.</u>—പ്രധാന ആക്ടിൽ, നിലവിലുള്ള 14 <u>എ</u> വകുപ്പ് "14 <u>എഎ</u>" ആയി പുനരക്കം ചെയ്യേണ്ടതും അപ്രകാരം പുനരക്കം ചെയ്ത 14 <u>എഎ</u> വകുപ്പിന് മുൻപ് ആയി താഴെപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതുമാണ്, അതായത് :—

"<u>14 എ. ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും സംസ്ഥാന സഹകരണ ബാങ്കിലേയ്ക്ക് ആസ്തികളും ബാദ്ധ്യതകളും കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച വ്യവസ്ഥ</u>—(1) ഈ ആക്ടിലോ നിലവിലുള്ള ഏതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, അംഗങ്ങളുടെ പ്രത്യേക പൊതുയോഗത്തിൽ ഹാജരായിട്ടുള്ളതും വോട്ട് ചെയ്യുന്നതുമായ അംഗങ്ങളുടെ കേവല ഭൂരിപക്ഷത്തിലൂടെ പാസ്സാക്കുന്ന പ്രമേയം വഴി ജില്ലാ സഹകരണ ബാങ്കുകൾക്ക് അവയുടെ ആസ്തികളും ബാദ്ധ്യതകളും പൂർണ്ണമായും കേരള സംസ്ഥാന സഹകരണ ബാങ്കിന് കൈമാറാവുന്നതും പ്രമേയം രജിസ്ട്രാർ അംഗീകരിക്കുന്ന തീയതി മുതൽ അത്തരം കൈമാറ്റം പ്രാബല്യത്തിൽ വരുന്നതുമാണ്.

(2) കൈമാറ്റം ചെയ്യപ്പെടേണ്ട ആസ്തികളുടെയും ബാദ്ധ്യതകളുടെയും വിവരങ്ങൾ പ്രമേയത്തിൽ ഉൾപ്പെട്ടിരിക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു പ്രമേയം ഒരു ജില്ലാ സഹകരണ ബാങ്ക് പാസാക്കുമ്പോൾ പ്രമേയം പാസാക്കുന്ന തീയതി മുതൽ ഏഴ് ദിവസത്തിനകം അതിനെ സംബന്ധിച്ച ലിഖിതമായ ഒരു നോട്ടീസ് അതിന്റെ എല്ലാ അംഗങ്ങൾക്കും നൽകേണ്ടതും, 24-ാം വകുപ്പിലെ വ്യവസ്ഥയിലോ അല്ലെങ്കിൽ ഏതെങ്കിലും ചട്ടത്തിലോ ബൈലായിലോ ഉപചട്ടത്തിലോ ഏതെങ്കിലും കരാറിലോ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും ഏതൊരു അംഗത്തിനും, നോട്ടീസ് പുറപ്പെടുവിച്ച് മുപ്പത് ദിവസങ്ങൾക്കകം അദ്ദേഹത്തിന്റെ ഓഹരികൾ, നിക്ഷേപങ്ങൾ, വായ്പകൾ എന്നിവ അതതുസംഗതിപോലെ, പിൻവലിക്കാൻ ഓപ്ഷന് അവസരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, പ്രമേയം പാസാക്കിയ തീയതി മുതൽ ഏഴ് ദിവസത്തിനകം ആ പ്രമേയം സംബന്ധിച്ച് മറ്റ് ഡെബ്റ്ററെ അല്ലെങ്കിൽ ക്രെഡിറ്ററെ തദ്ദേശീയ ഭാഷയിലുള്ള രണ്ട് മുൻനിര ദിനപ്പത്രങ്ങളിൽ നോട്ടീസ് പ്രസിദ്ധീകരിച്ച് അറിയിക്കേണ്ടതും പ്രസ്തുത നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം നിക്ഷേപങ്ങളോ വായ്പകളോ, അതതുസംഗതിപോലെ, പിൻവലിക്കാനുള്ള ഓപ്ഷൻ നൽകുന്നതിനുള്ള അവസരമുണ്ട് എന്നറിയിക്കേണ്ടതുമാണ്.

(4) ഏതെങ്കിലും അംഗമോ അല്ലെങ്കിൽ ക്രെഡിറ്ററോ (3)-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന സമയപരിധിക്കുള്ളിൽ ഓപ്ഷൻ നൽകിയിട്ടില്ലായെങ്കിൽ പ്രമേയത്തിൽ ഉൾപ്പെട്ടിരിക്കുന്ന നിർദ്ദേശങ്ങൾക്ക് അദ്ദേഹം സമ്മതം നൽകിയതായി കരുതപ്പെടേണ്ടതാണ്.

(5) ഓരോ ജില്ലാ സഹകരണ ബാങ്കിന്റെയും ആസ്തികളും ബാദ്ധ്യതകളും കൈമാറ്റം ചെയ്യുത് രജിസ്ട്രാർ അംഗീകരിക്കുന്ന തീയതി മുതൽ കൈമാറ്റം ചെയ്യപ്പെടുന്നതിന് തൊട്ടുമുമ്പ് ഉണ്ടായിരുന്ന എല്ലാ ആസ്തികളും ബാദ്ധ്യതകളും മറ്റൊരു നടപടിയോ രേഖയോ ആധാരമോ ഇല്ലാതെ കേരള സംസ്ഥാന സഹകരണ ബാങ്കിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടുന്നതും നിക്ഷിപ്തമാക്കപ്പെടുന്നതുമാണ്.

(6) ഓരോ ജില്ലാ സഹകരണ ബാങ്കിന്റെയും ആസ്തികളും ബാദ്ധ്യതകളും കൈമാറ്റം ചെയ്യുത് രജിസ്ട്രാർ അംഗീകരിക്കുന്ന തീയതി മുതൽ, നിലവിൽ തീർപ്പാക്കാനുള്ളതായ എല്ലാ കേസുകളും അല്ലെങ്കിൽ നിയമനടപടികളും കേരള സംസ്ഥാന സഹകരണ ബാങ്കിനാൽ തുടരേണ്ടതാണ്." .

4. <u>18-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 18-ാം വകുപ്പിൽ, രണ്ടും മൂന്നും ക്ലിപ്തനിബന്ധനകൾ വിട്ടുകളയേണ്ടതാണ്.

5. <u>28-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 28-ാം വകുപ്പിൽ,—

(i) (1 <u>എഫ്</u>) ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്;

(ii) (1 എച്ച്) ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്.

6. 36 എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 36 എ വകുപ്പിൽ "ജില്ലാ സഹകരണ ബാങ്കിന്റെയോ", "ജില്ലാ സഹകരണ ബാങ്കുകൾ" എന്ന വാക്കുകൾ എവിടെയെല്ലാമാണോ ഉള്ളത് അവ വിട്ടുകളയേണ്ടതും കൂടാതെ "സംസ്ഥാന സഹകരണ ബാങ്ക് " എന്ന വാക്കുകൾക്ക് പകരം "കേരള സംസ്ഥാന സഹകരണ ബാങ്ക് " എന്ന വാക്കുകൾ ചേർക്കേണ്ടതുമാണ്.

7. 56-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 56-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ "ജില്ലാ സഹകരണ ബാങ്കുകൾ" എന്ന വാക്കുകൾക്ക് പകരം "കേരള സംസ്ഥാന സഹകരണ ബാങ്ക്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

8. 59-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 59-ാം വകുപ്പിന്റെ ഒന്നാം ക്ലിപ്തനിബന്ധനയ്ക്കുപകരം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്,

അതായത് :—

"എന്നാൽ, മേൽപ്പറഞ്ഞ നിയന്ത്രണം കേരള സംസ്ഥാന സഹകരണ ബാങ്കിന് ബാധകമായിരിക്കുന്നതല്ല.".

9. 74 ബി വകുപ്പിന് പകരം ചേർക്കൽ.—പ്രധാന ആക്റ്റിലെ വകുപ്പ് 74 ബി വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്,—

"74 ബി ബ്രാഞ്ചുകൾ തുറക്കൽ.—സംസ്ഥാന സഹകരണ കാർഷിക-ഗ്രാമവികസന ബാങ്കുകളും എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളും രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അനുമതിയോടെ തങ്ങളുടെ പ്രവർത്തന പരിധിയിൽ ശാഖകൾ തുറക്കാവുന്നതാണ്.".

10. 10 സി എന്ന പുതിയ അദ്ധ്യായം കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിലെ അദ്ധ്യായം XB-യ്ക്ക് ശേഷം താഴെപ്പറയുന്ന അദ്ധ്യായം ചേർക്കേണ്ടതാണ്, അതായത് :—

"അദ്ധ്യായം XC

## ജില്ലാ സഹകരണ ബാങ്കുകളുടെ ആസ്തികളും ബാദ്ധ്യതകളും കൈമാറിക്കൊണ്ട് കേരള സംസ്ഥാന സഹകരണ ബാങ്കുമായുള്ള കൂട്ടിച്ചേർക്കൽ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ

74 എച്ച്. കേരള സംസ്ഥാന സഹകരണ ബാങ്കിലേക്കുള്ള ജില്ലാ സഹകരണ ബാങ്കുകളുടെ കൂട്ടിച്ചേർക്കൽ.—(1) ഈ നിയമത്തിലോ അല്ലെങ്കിൽ തത്സമയം നിലവിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റിന്റെ 14 എ വകുപ്പിൻ കീഴിൽ വ്യവസ്ഥ ചെയ്ത പ്രകാരം ജനറൽ ബോഡി പാസാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകൾ കേരള സംസ്ഥാന സഹകരണ ബാങ്കുമായി കൂട്ടിച്ചേർത്തുകൊണ്ടുള്ള ഉത്തരവ് രജിസ്ട്രാർ പുറപ്പെടുവിക്കേണ്ടതാണ്.

(2) കേരള സംസ്ഥാന സഹകരണ ബാങ്ക് നിർദ്ദേശിച്ചതും ട്രാൻസ്ഫറർ ബാങ്കുകളിൽ അവതരിപ്പിച്ചതുമായ കൂട്ടിച്ചേർക്കലിനുള്ള പദ്ധതി സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെ രജിസ്ട്രാർ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(3) കൂട്ടിച്ചേർക്കലിന്റെ തീയതി മുതൽ ട്രാൻസ്ഫറർ ബാങ്കുകളിലെ അംഗങ്ങൾ കൈവശം വച്ചിരുന്ന ഓഹരികൾ അതേപോലെ ട്രാൻസ്ഫറി ബാങ്കിന്റെ ഓഹരികൾ ആയി കരുതപ്പെടുന്നതാണ്:

എന്നാൽ ഓഹരികളുടെ മൂല്യം ട്രാൻസ്ഫറർ ബാങ്കിന്റെ മെമ്പർമാർ കൈവശം വച്ചിട്ടുള്ള ഓഹരികളുടെ മുഖവില അടിസ്ഥാനപ്പെടുത്തിയായിരിക്കും.

(4) ഈ ആക്റ്റിന്റെ 15-ാം വകുപ്പിൽ എന്തു തന്നെ അടങ്ങിയിരുന്നാലും ട്രാൻസ്ഫറർ ബാങ്കിന്റെയും ട്രാൻസ്ഫറി ബാങ്കിന്റെയും കൂട്ടിച്ചേർക്കൽ തീയതി മുതൽ ട്രാൻസ്ഫറർ ബാങ്കുകളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് റദ്ദാക്കപ്പെടുന്നതാണ്.

എന്നാൽ ട്രാൻസ്ഫറർ ബാങ്ക് പിരിച്ചുവിടപ്പെട്ടതായി കരുതപ്പെടേണ്ടതും ഒരു ഏകാംഗീകൃതനികായമായുള്ള നിലനില്പ് അവസാനിക്കുന്നതുമാണ്:

എന്നു മാത്രവുമല്ല ട്രാൻസ്ഫറി ബാങ്കിന് പുതിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ആവശ്യമില്ലാത്തതാകുന്നു.

(5) കൂട്ടിച്ചേർക്കൽ തീയതിയിൽ ട്രാൻസ്ഫറർ ബാങ്കിന്റെയും ട്രാൻസ്ഫറി ബാങ്കിന്റെയും നിലവിലുള്ള ഡയറക്ടർ ബോർഡ് നിലവിലില്ലാത്തതായി തീരുന്നതും ഒരു വർഷക്കാലത്തേക്കോ അല്ലെങ്കിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു പുതിയ ഡയറക്ടർ ബോർഡ് അധികാരമേൽക്കുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ മൂന്ന് പേരിൽ കൂടാത്ത അംഗങ്ങൾ അടങ്ങുന്ന ഒരു ഇടക്കാല ബോർഡിനെ സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതുമാണ്.

(6) ഇടക്കാല ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

| | | |
|---|---|---|
| (i) | സർക്കാർ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ | ചെയർമാൻ, എക്സ്- ഒഫീഷ്യോ |
| (ii) | കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ മാനേജിങ് ഡയറക്ടർ/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | അംഗം, എക്സ് - ഒഫീഷ്യോ |

(iii) സർക്കാർ ധനകാര്യ വകുപ്പിലെ അഡീഷണൽ അംഗം, എക്സ് - സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒഫീഷ്യോ ഒരു ഉദ്യോഗസ്ഥൻ.

(7) ട്രാൻസ്റ്ററി ബാങ്കിന്റെ ഡയറക്ടർ ബോർഡിന് ആക്ട് പ്രകാരമോ ചട്ടങ്ങൾ പ്രകാരമോ അതിൻകീഴിലുള്ള ബൈലോകൾ പ്രകാരമോ ഉള്ളതായ എല്ലാ അധികാരങ്ങളും ഇടക്കാല ബോർഡ് വിനിയോഗിക്കേണ്ടതും കൂട്ടിച്ചേർക്കൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനും ഡയറക്ടർ ബോർഡ് തെരഞ്ഞെടുപ്പ് നടത്തുന്നതിനുമുള്ള ആവശ്യമായ അത്തരം നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(8) കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഡയറക്ടർ ബോർഡിൽ ചട്ടങ്ങളിൽ നിർണ്ണയിക്കുന്ന പ്രകാരമുള്ള 21-ൽ കവിയാതെയുള്ള അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(9) ഡയറക്ടർ ബോർഡിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ ആവശ്യത്തിലേക്കായി 28-ാം വകുപ്പും 28 എ വകുപ്പും 31-ാം വകുപ്പും ബാധകമാക്കേണ്ടതാണ്.

(10) ബാങ്കിംഗ് ബിസിനസ്സ് സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി ഒരു ബോർഡ് ഓഫ് മാനേജ്മെന്റ് ഉണ്ടായിരിക്കേണ്ടതും ബോർഡ് ഓഫ് മാനേജ്മെന്റിന്റെ ഘടനയും അധികാരങ്ങളും ചുമതലകളും ബൈലായിൽ നിർണ്ണയിക്കുന്ന പ്രകാരമായിരിക്കേണ്ടതുമാണ്.

(11) പ്രധാന ആക്റ്റിന്റെ 63-ാം വകുപ്പിന്റെ (10)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(i) റിസർവ് ബാങ്ക് നിർണ്ണയിക്കുന്ന പ്രകാരം കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ധനകാര്യ കണക്കുകളുടെ ആഡിറ്റ് സഹകരണ ആഡിറ്റ് ഡയറക്ടർ അംഗീകരിച്ചിട്ടുള്ള ആഡിറ്റർമാരുടെ/ആഡിറ്റ് സ്ഥാപനങ്ങളുടെ പാനലിൽ നിന്നുള്ള ചാർട്ടേഡ് അക്കൗണ്ടന്റ്മാർവഴി നടത്തേണ്ടതാണ്;

(ii) കേരള സംസ്ഥാന സഹകരണ ബാങ്കിലെ ഭരണപരമായ കാര്യങ്ങളെയും അതുമായി ബന്ധപ്പെട്ട കണക്കുകളെയും സംബന്ധിച്ച ആഡിറ്റ് വകുപ്പുതല ആഡിറ്റർമാരുടെ ഒരു പാനൽ വഴി നടത്തേണ്ടതാണ്;

(iii) മുകളിൽ പറഞ്ഞിട്ടുള്ള ആഡിറ്റർമാർ 64-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിന്റെ (എ), (ബി), (സി) ഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ള എല്ലാ അധികാരങ്ങളും വിനിയോഗിക്കേണ്ടതാണ്.

(12) കൂട്ടിച്ചേർക്കൽ തീയതിക്ക് തൊട്ടുമുമ്പ് വരെ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ മറ്റേതെങ്കിലും അധികാരസ്ഥാനത്തിന്റെയോ മുമ്പാകെ ട്രാൻസ്ഫറർ ബാങ്കിന്റേതായോ എതിരായിട്ടോ നിലവിലുള്ളതോ അല്ലെങ്കിൽ നിലനിന്നതോ ആയ ഏതെങ്കിലും നടപടികളും സ്യൂട്ടുകളും ഡിക്രികളും റിക്കവറി സർട്ടിഫിക്കറ്റുകളും അപ്പീലുകളും മറ്റെല്ലാ നിയമ നടപടികളും കൂട്ടിച്ചേർക്കൽ തീയതി മുതൽ ട്രാൻസ്ഫറി ബാങ്കിനോ എതിരായിട്ടോ തുടരാവുന്നതും നടപ്പിലാക്കാവുന്നതുമാണ്.

(13) ട്രാൻസ്ഫറർ ബാങ്കിന്റെ എല്ലാ സ്ഥിരവും റഗുലറും ആയ ജീവനക്കാരും അല്ലെങ്കിൽ പ്രൊബേഷനിലുള്ള ജീവനക്കാരും കൂട്ടിച്ചേർക്കൽ തീയതിക്കു മുമ്പ് ട്രാൻസ്ഫറർ ബാങ്കിൽ ജോലിയിൽ ഉണ്ടായിരിക്കുന്നവരും കൂട്ടിച്ചേർക്കൽ തീയതി മുതൽക്കും തുടർന്നും ട്രാൻസ്ഫറി ബാങ്കിന്റെ ജീവനക്കാരായി തീരുമെന്നുള്ളതും അവർക്ക് അതതു സംഗതി പോലെ അവർ ട്രാൻസ്ഫറി ബാങ്കിൽ ജോലി നോക്കേണ്ടതും ഉദ്യോഗം വഹിക്കേണ്ടതും സേവനത്തിൽ തുടരേണ്ടതുമാണ്:

എന്നാൽ ട്രാൻസ്ഫറർ ബാങ്കിലെയും ട്രാൻസ്ഫറി ബാങ്കിലെയും ജീവനക്കാരെ ട്രാൻസ്ഫറി ബാങ്കിന്റെ സർവ്വീസിലേയ്ക്ക് കൊണ്ടുവരുന്നതിനായി സർക്കാർ അവരുടെ കേഡർ ഏകീകരണം, സീനിയോറിറ്റി, ഉദ്യോഗക്കയറ്റം, സ്ഥലംമാറ്റം എന്നിങ്ങനെ ഇതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾക്കും വേണ്ടി ഒരു പദ്ധതി ഉണ്ടാക്കേണ്ടതാണ്.

(14) ട്രാൻസ്ഫറർ ബാങ്കിലെയും ട്രാൻസ്ഫറി ബാങ്കിലെയും സ്റ്റാഫ് റെഗുലേഷനിലും നിയമന ചട്ടങ്ങളിലും എന്തുതന്നെ അടങ്ങിയിരുന്നാലും, കൂട്ടിച്ചേർക്കൽ ശേഷം ഓഫീസർമാരുടെയും ജീവനക്കാരുടെയും സേവന വ്യവസ്ഥകൾ സർക്കാർ നിർണ്ണയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

(15) കൂട്ടിച്ചേർക്കൽ തീയതിയ്ക്ക് മുൻപ്തന്നെ ട്രാൻസ്ഫറർ ബാങ്കിന്റെ സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാർക്കും കൂട്ടിച്ചേർക്കൽ തീയതി മുതൽ ട്രാൻസ്ഫറി ബാങ്കിന്റെ സർവ്വീസിൽ തുടരുന്നത് തെരഞ്ഞെടുക്കാത്ത ജീവനക്കാർക്കും, ട്രാൻസ്ഫറർ ബാങ്കിൽ നിന്നും എന്തെങ്കിലും ആനുകൂല്യങ്ങളോ അവകാശങ്ങളോ പ്രത്യേകാനുകൂല്യങ്ങളോ ലഭിക്കാനുണ്ടെങ്കിൽ ആയത് ലഭിയ്ക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതും അത്തരം ആനുകൂല്യങ്ങളും അവകാശങ്ങളും പ്രത്യേകാനുകൂല്യങ്ങളും ട്രാൻസ്ഫറി ബാങ്കിൽ നിന്നും ലഭിക്കുന്നതുമാണ്.

(16) ഉദ്യോഗസ്ഥൻമാർക്കും മറ്റു ജീവനക്കാർക്കും വേണ്ടി ട്രാൻസ്ഫറർ ബാങ്കിന്റെയോ അതുമായി ബന്ധപ്പെട്ട് സൃഷ്ടിച്ചതോ സ്ഥാപിച്ചതോ രൂപീകരിച്ചതോ ആയ സ്ഥാപനങ്ങളിലെ പ്രോവിഡന്റ് ഫണ്ട്/ഗ്രാറ്റുവിറ്റി ഫണ്ട്/പെൻഷൻ ഫണ്ടുകൾ/മറ്റ് ഫണ്ടുകൾ എന്നിവ ട്രാൻസ്ഫറി ബാങ്കിൽ തുടരുന്നതാണ്.

(17) ട്രാൻസ്റ്ററി ബാങ്കിന് ബാങ്കിംഗ് റെഗുലേഷൻ ആക്റ്റിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി വിവേകപൂർവ്വമായ സാമ്പത്തിക വിശകലനം നടത്തി ശാഖകൾ തുറക്കാവുന്നതാണ്.

(18) ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾക്ക് ആക്റ്റിലെ മറ്റ് വ്യവസ്ഥകളിൻമേൽ അധിപ്രഭാവം ഉണ്ടായിരിക്കുന്നതാണ്." .

11. <u>88-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 88-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ,—

(i) (ബി) ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(ii) (സി) മുതൽ (ജി) വരെയുള്ള ഖണ്ഡങ്ങൾ പുനരക്കം ചെയ്ത് (ബി) മുതൽ (എഫ്) വരെയുള്ള ഖണ്ഡങ്ങൾ എന്നാക്കേണ്ടതാണ്.

12. <u>89-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 89-ാം വകുപ്പിൽ,—

(i) (3)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ഓരോ സർക്കിൾ സഹകരണ യൂണിയനും, അപ്പക്സ് സംഘവും, കേന്ദ്ര സംഘവും ഒരു പ്രതിനിധിയെ തെരഞ്ഞെടുക്കേണ്ടതും അത്തരത്തിലുള്ള എല്ലാ പ്രതിനിധികളും ജീവനക്കാരുടെ പ്രതിനിധികളും വനിതാ അംഗങ്ങളുടെ പ്രതിനിധിയും പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെടുന്ന അംഗങ്ങളുടെ പ്രതിനിധികളും എക്സ്- ഒഫീഷ്യോ അംഗങ്ങളും സംസ്ഥാന സഹകരണ യൂണിയന്റെ മാനേജിംഗ് കമ്മിറ്റിയിലുള്ള സർക്കാർ നാമനിർദ്ദേശം ചെയ്തവരും ചേർന്ന് സംസ്ഥാന സഹകരണ യൂണിയന്റെ ജനറൽ ബോഡി രൂപീകരിക്കേണ്ടതാണ്." ;

(ii) (4)-ാം ഉപവകുപ്പിൽ,—

(എ)(ബി) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ബി) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ, കേരള സംസ്ഥാന സഹകരണ ബാങ്ക് ഒഴികെയുള്ള അപ്പക്സ് സംഘങ്ങളുടെ പ്രതിനിധികൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുത്ത ഒരംഗം;";

(ബി)(സി) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(സി) കേരള സംസ്ഥാന സഹകരണ സംഘത്തിലെ ഡയറക്ടർ ബോർഡ് അംഗങ്ങൾ അവർക്കിടയിൽ നിന്ന് തെരഞ്ഞെടുക്കുന്ന രണ്ട് അംഗങ്ങൾ.".

14. 94-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 94-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പിൽ "ഒരു സെൻട്രൽ സഹകരണ ബാങ്ക്" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

15. പട്ടികകൾക്കുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ പട്ടിക I-ൽ ക്രമ നമ്പർ 16 മുതൽ 29 വരെയും അവയ്ക്കെതിരെയുള്ള ഉൾക്കുറിപ്പുകളും വിട്ടുകളയേണ്ടതാണ്.

16. റദ്ദാക്കലും ഒഴിവാക്കലും.—(1) 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ് (2019-ലെ 7) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, അതുപോലുള്ള സംഗതി പോലെ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സമീപകാലത്തായി ഗ്രാമീണ സഹകരണ വായ്പാഘടനയിൽ ഘടനാപരമായിട്ടുള്ള നിർണ്ണായക മാറ്റങ്ങൾ ലോകമെമ്പാടും ഉണ്ടായിട്ടുണ്ട്. ആഗോളതലത്തിലെ വായ്പാഘടനയിലെ മാറ്റങ്ങൾ പരിഗണിച്ച് കേരളത്തിലെ നിലവിലെ ഹ്രസ്വകാല വായ്പാഘടനയെ കുറിച്ച് വിശദമായ പഠനം നടത്തുന്നതിന് സർക്കാർ ഒരു കമ്മിറ്റിയെ നിയമിച്ചിരുന്നു. ഉന്നതതലത്തിൽ കേരള സംസ്ഥാന സഹകരണ ബാങ്കും മദ്ധ്യതലത്തിൽ ജില്ലാ സഹകരണ ബാങ്കുകളും നിലനിൽക്കുന്നത് പലിശയുടെ ഭാരം വർദ്ധിപ്പിക്കുന്നതല്ലാതെ താഴെതലത്തിലുള്ള പ്രാഥമിക കാർഷിക സഹകരണ സംഘത്തിന് നിർണ്ണായകമായ നേട്ടങ്ങൾ നൽകുന്നില്ലെന്ന് കമ്മിറ്റി റിപ്പോർട്ട് ചെയ്യുകയുണ്ടായി. ശ്രേണികളുടെ പുനഃഘടന ഒരു തലത്തിലെ ധനശേഖരത്തെ സ്വതന്ത്രമാക്കുവാൻ സഹായിക്കുകയും ആയത് കൂടുതൽ ഫലപ്രദമായ ആവശ്യങ്ങൾക്ക് വേണ്ടി വിനിയോഗിക്കുവാനും കഴിയും. ലയനത്തിന് ശേഷം ഉണ്ടാകുന്ന സ്ഥാപനത്തിന് യഥാവിധിയുള്ള ഉറച്ച സാങ്കേതിക വിദ്യയുള്ള ആധുനിക ബാങ്കിന്റെ സംഭാവനകളായ മൊബൈൽ ബാങ്കിംഗ്, ഇന്റർനെറ്റ് ബാങ്കിംഗ്, ATM സൗകര്യങ്ങൾ എന്നിവ പൊതുജനങ്ങൾക്ക് പുതുതലമുറ ബാങ്കുകൾ ഈടാക്കുന്ന നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ നൽകുവാൻ കഴിയുമെന്ന് കൂടി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്.

2. കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശക്തവും ഊർജ്ജസ്വലവും സാങ്കേതിക വിദ്യയാലും പ്രൊഫഷണലുകളാലും നയിക്കപ്പെടുന്നതും കേരളത്തിലെ ജനങ്ങളുടെ മുഖ്യധാര ബാങ്കിംഗ് പ്രവർത്തനങ്ങൾ നിറവേറ്റുന്നതിനുള്ള സംവിധാനങ്ങളും ബിസിനസ് പദ്ധതികളും ശരിയായ ഭരണ സംവിധാനവും പൂർണ്ണ സേവനവുമുള്ള ഒരു ആഗോളബാങ്കായി മാറുന്നതിന് സഹകരണ മേഖലയിലെ ജില്ലാ സഹകരണ ബാങ്കുകളെ

കേരള സംസ്ഥാന സഹകരണ ബാങ്കിൽ കൂട്ടിച്ചേർക്കാൻ സർക്കാർ തീരുമാനിച്ചു തത്ഫലമായി ജില്ലാ സഹകരണ ബാങ്കുകളുടെ ആസ്തികളും ബാദ്ധ്യതകളും പൂർണ്ണമായും കേരള സംസ്ഥാന സഹകരണ ബാങ്കിൽ കൈമാറിക്കൊണ്ട് പൂർണ്ണ ആഗോള ബാങ്കാകുവാനും അതുവഴി സഹകരണ രംഗത്തെ ഹ്രസ്വകാല വായ്പാ ഘടന ത്രിതല സംവിധാനത്തിൽ നിന്നും ദ്വിതല സംവിധാനത്തിലേക്ക് മാറ്റുവാനും സർക്കാർ അനുമതി നൽകുകയുണ്ടായി.

3. 1969-ലെ കേരള സഹകരണ സംഘ ആക്റ്റിലെ 14-ാം വകുപ്പ് പ്രകാരം രണ്ടോ അതിലധികമോ സഹകരണ സംഘങ്ങൾ കൂട്ടിച്ചേർക്കുന്നതിന് വേണ്ടി ആസ്തിയും ബാദ്ധ്യതകളും കൈമാറ്റം ചെയ്യപ്പെടുന്നതിന് അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭൂരിപക്ഷം ആവശ്യമുണ്ട്. ജില്ലാ സഹകരണ ബാങ്കുകളെ സംബന്ധിച്ചിടത്തോളം ഇത് ആസ്തികളും ബാദ്ധ്യതകളും കൈമാറ്റം ചെയ്യുന്നതിന് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. ആയതിനാൽ ജില്ലാ സഹകരണ ബാങ്കുകളിലെ മൂന്നിൽ രണ്ട് ഭൂരിപക്ഷം എന്ന വ്യവസ്ഥ ലഘൂകരിച്ച് കേവല ഭൂരിപക്ഷം ആക്കാനും അതോടൊപ്പം നിക്ഷേപകരുടെയും അംഗങ്ങളുടെയും താല്പര്യങ്ങൾ സംരക്ഷിക്കാനുള്ള വ്യവസ്ഥ ഉണ്ടാക്കുവാനും സർക്കാർ തീരുമാനിച്ചു. അതുകൊണ്ട് 14 എ എന്ന പുതിയ വകുപ്പും 10 ബി യ്ക്ക് ശേഷം 10 സി എന്ന പുതിയ അദ്ധ്യായം കൂടിച്ചേർന്ന് പ്രധാന ആക്റ്റിൽ ഉൾപ്പെടുത്തി ജില്ലാ സഹകരണ ബാങ്കുകളുടെ പൊതുയോഗം പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ 14 ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കുമായി കൂട്ടിച്ചേർക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുവാൻ രജിസ്ട്രാർക്ക് അധികാരം നൽകുവാൻ തീരുമാനിച്ചു.

4. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ് 2019 ജനുവരി 8-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2019 ജനുവരി 8-ാം തീയതിയിലെ 46-ാം നമ്പർ അസാധാരണ ഗസറ്റിൽ 2019-ലെ 7-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ് (2019-ലെ 7)-ന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനും അതോടൊപ്പം അതിന് ആനുഷംഗികമായ ചില ഭേദഗതികൾ 1969-ലെ കേരള സഹകരണ സംഘ ആക്റ്റിൽ കൊണ്ടുവരുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. കേരള സംസ്ഥാന സഹകരണ ബാങ്കിലെ ഡയറക്ടർ ബോർഡ് അംഗങ്ങൾ ആരൊക്കെയായിരിക്കണം എന്ന് നിർദ്ദേശിക്കുന്നതിന് ബില്ലിലെ ഖണ്ഡം 10 ഉപഖണ്ഡം 74 എച്ച് ഇനം 8 സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ട്രാൻസ്ഫറർ ബാങ്കിന്റെയും ട്രാൻസ്ഫറി ബാങ്കിന്റെയും കൂട്ടിച്ചേർക്കലിൽ ഉൾപ്പെട്ട ഓഫീസർമാരുടെയും ജീവനക്കാരുടെയും സേവന വ്യവസ്ഥകൾ നിർദ്ദേശിക്കുന്നതിന് ബില്ലിലെ ഖണ്ഡം 10 ഉപഖണ്ഡം 74 എച്ച് ഇനം 14 സർക്കാരിനെ അധികാരപ്പെടുത്തുന്നു.

3. ബോർഡ് ഓഫ് മാനേജ്മെന്റിന്റെ ഘടനയും പ്രവർത്തനവും അധികാരവും നിശ്ചയിക്കുന്നതിനുള്ള ബൈലാ ഉണ്ടാക്കുന്നതിന് ബില്ലിലെ ഖണ്ഡം 10 ഉപഖണ്ഡം 74 എച്ച് ഇനം 10 കേരള സംസ്ഥാന സഹകരണ ബാങ്കിനെ അധികാരപ്പെടുത്തുന്നു.

4. ട്രാൻസ്ഫറർ ബാങ്കിലെയും ട്രാൻസ്ഫറി ബാങ്കിലെയും ജീവനക്കാരുടെ കേഡർ ഏകീകരണം, സുരക്ഷ, ഉദ്യോഗക്കയറ്റം മറ്റുള്ള കാര്യങ്ങൾക്കായുള്ള ഒരു പദ്ധതി ഉണ്ടാക്കുവാൻ ബില്ലിലെ ഖണ്ഡം 10 ഉപഖണ്ഡം 74 എച്ച് ഇനം 13 സർക്കാരിനെ അധികാരപ്പെടുത്തുന്നു.

5. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കേണ്ടത് അല്ലെങ്കിൽ ചട്ടങ്ങളോ റഗുലേഷനുകളോ ഉണ്ടാക്കേണ്ടത്, അവ നടപടിക്രമം സംബന്ധിച്ചുള്ളതും സാധാരണവും ഭരണപരവും ആയ സ്വഭാവത്തോടു കൂടിയതുമാണ്. കൂടാതെ, ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

കടകംപള്ളി സുരേന്ദ്രൻ.

(ശരിതർജ്ജമ)

# 1969-ലെ കേരള സഹകരണ സംഘ ആക്റ്റിൽ (1969-ലെ 21) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

2. <u>നിർവ്വചനങ്ങൾ.</u>—ഈ നിയമത്തിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

** ** ** **

(ഐഎ) "ജില്ലാ സഹകരണ ബാങ്ക് " എന്നാൽ, ഒരു റവന്യൂ ജില്ലയിൽ അധികാരിതയുള്ളതും, പ്രാഥമിക കാർഷിക വായ്പാസംഘങ്ങളും അർബൻ സഹകരണ ബാങ്കുകളും അതിന്റെ അംഗങ്ങളായിട്ടുള്ളതും, നാമമാത്ര അല്ലെങ്കിൽ അസോസിയേറ്റ് അംഗങ്ങൾ ഉൾപ്പെടെ അതിലെ അംഗങ്ങൾക്ക് വായ്പ നൽകുന്നതിന് ഫണ്ട് സ്വരൂപിക്കുക എന്ന പ്രധാന ഉദ്ദേശ്യം ഉള്ളതുമായ ഒരു കേന്ദ്ര സംഘം എന്നർത്ഥമാകുന്നു;".

** ** ** **

(കെ) "ജനറൽ ബോഡി യോഗം" എന്നാൽ സംഘത്തിന്റെ കാര്യാദികളിൽ വോട്ടു ചെയ്യാനവകാശമുള്ള അംഗങ്ങളുടെ യോഗംചേരൽ എന്നർത്ഥമാകുന്നു;

** ** ** **

(ആർബി) " സംസ്ഥാന സഹകരണ ബാങ്ക്" എന്നാൽ ജില്ലാ സഹകരണ ബാങ്കുകൾ മാത്രം അതിന്റെ അംഗങ്ങളായിട്ടുള്ള ഒരു അപ്പക്സ് സംഘം എന്നർത്ഥമാകുന്നു;

** ** ** **

(എസ്) "സംസ്ഥാന സഹകരണ യൂണിയൻ" എന്നാൽ 89-ാം വകുപ്പ് പ്രകാരം സ്ഥാപിതമായ സംസ്ഥാന സഹകരണ യൂണിയൻ എന്നർത്ഥമാകുന്നു;

** ** ** **

14 <u>എ. അംഗങ്ങളുടെ സാമ്പത്തിക ക്ഷേമത്തിനായി സബ്സിഡിയറി സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കൽ.</u>—(1) ഒരു സഹകരണ സംഘത്തിന്, ജനറൽ ബോഡി യോഗത്തിൽ ഹാജരായി വോട്ടുചെയ്യുന്ന അംഗങ്ങൾ ഭൂരിപക്ഷത്തോടുകൂടി പാസ്സാക്കിയ ഒരു പ്രമേയം വഴി, തൽസമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന, ഒന്നോ അതിലധികമോ സബ്സിഡിയറി സ്ഥാപനങ്ങളെ, രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി അതിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ പോഷിപ്പിക്കുന്നതിനായി പ്രോത്സാഹിപ്പിക്കാവുന്നതാണ്.

** ** ** **

18. <u>നാമമാത്രമായ അംഗങ്ങൾ അഥവാ അസോസിയേറ്റ് അംഗങ്ങൾ (സംഘാംഗങ്ങൾ)</u>.—ഒരു സംഘത്തിന് ഏതൊരു വ്യക്തിയെയും നാമമാത്രമായ അംഗമായോ സംഘാംഗമായോ ചേർക്കാവുന്നതാണ്:

** ** ** **

എന്നിരുന്നാലും, ഒരു ജില്ലാ സഹകരണ ബാങ്കിന് അതിന്റെ പ്രവർത്തന പരിധിയിൽ താമസിക്കുന്ന ഏതൊരു വ്യക്തിഗത നിക്ഷേപകനെയോ ഏതൊരു വായ്പക്കാരനെയോ അതിന്റെ നാമമാത്ര അല്ലെങ്കിൽ അസോസിയേറ്റ് അംഗമായി ചേർക്കാവുന്നതാണ്:

എന്നുമാത്രമല്ല, ഒരു ജില്ലാ സഹകരണ ബാങ്കിന്, അതിന്റെ പ്രവർത്തന പരിധിയിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അർബൻ സഹകരണ ബാങ്കുകളും ഒഴികെയുള്ള, ഈ ആക്റ്റിന്റെ വ്യവസ്ഥകളിൻകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏതൊരു സഹകരണ സംഘത്തേയും ഒരു നാമമാത്ര അല്ലെങ്കിൽ അസോസിയേറ്റ് അംഗമായി ചേർക്കാവുന്നതാണ്.".

** ** ** **

28. <u>കമ്മിറ്റിയെ നിയമിക്കൽ</u>.—(1) സംഘത്തിന്റെ ജനറൽബോഡി ഉപനിയമങ്ങൾ അനുസരിച്ച് അഞ്ച് വർഷ കാലയളവിലേയ്ക്ക് ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതും സംഘ കാര്യാദികളുടെ നടത്തിപ്പ് അത്തരം കമ്മിറ്റിയെ ഏൽപ്പിക്കേണ്ടതുമാകുന്നു.

** ** ** **

(1 <u>എഫ്</u>) ജില്ലാ സഹകരണ ബാങ്കിന്റെ ഉപനിയമങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഓരോ ജില്ലാ സഹകരണ ബാങ്കിന്റെയും കമ്മിറ്റിയിൽ രണ്ട് സീറ്റുകൾ ബാങ്കിലെ നിക്ഷേപകരായ മെമ്പർ സംഘങ്ങൾക്കായി സംവരണം ചെയ്യേണ്ടതാണ്:

** ** ** **

(1 <u>എച്ച്</u>). ജില്ലാ സഹകരണ ബാങ്കിന്റെ ഉപനിയമങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ജില്ലാ സഹകരണ ബാങ്കിന്റെ കമ്മിറ്റിയിൽ ഓരോ താലൂക്കിനേയും സംബന്ധിച്ച് ഏറ്റവും കുറഞ്ഞത് ഒരു സീറ്റെങ്കിലും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പ്രതിനിധികൾക്കായി സംവരണം ചെയ്യേണ്ടതാണ്:

** ** ** **

36 <u>എ</u>. <u>കടം വാങ്ങിയ ആളിന്റെ സ്ഥാവരമോ ജംഗമമോ ആയ വസ്തുക്കളിൻമേൽ ഗഹാൻ സൃഷ്ടിച്ചുകൊണ്ടുള്ള ചാർജ്ജ്</u>.—ഈ ആക്റ്റിലെ മറ്റേതെങ്കിലും വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കടം വാങ്ങുന്ന ഒരാളിന്റെ സ്ഥാവരമോ ജംഗമമോ ആയ

വസ്തുവിൻമേൽ, സംസ്ഥാന സഹകരണ ബാങ്കിന്റെയോ ജില്ലാ സഹകരണ ബാങ്കിന്റെയോ പ്രാഥമിക കാർഷിക വായ്പാ സംഘത്തിന്റെയോ പ്രാഥമിക ഭവനനിർമ്മാണ സംഘത്തിന്റെയോ പേർക്ക്, ഗഹാൻ വഴി ചാർജ്ജ് സൃഷ്ടിക്കാവുന്നതും, ആയതിന് കാലാകാലങ്ങളിൽ ഭേദഗതി ചെയ്ത പ്രകാരമുള്ള, 1984-ലെ കേരള സംസ്ഥാന സഹകരണ കാർഷിക-ഗ്രാമീണ വികസന ബാങ്കുകൾ ആക്റ്റിലെ (1984-ലെ 20) 10 മുതൽ 15 വരെയുള്ള വകുപ്പുകളിലെ (രണ്ടും ഉൾപ്പെടെ) വ്യവസ്ഥകൾ, പ്രസ്തുത വകുപ്പുകളിലുള്ള "കാർഷിക-ഗ്രാമീണ വികസന ബാങ്ക്", "പ്രാഥമിക ബാങ്ക്", " ബാങ്ക്", "പ്രസ്തുത ബാങ്കുകൾ" എന്നീ വാക്കുകൾക്ക് പകരം യഥാക്രമം "സംസ്ഥാന സഹകരണ ബാങ്ക് അഥവാ ജില്ലാ സഹകരണ ബാങ്കുകൾ", "പ്രാഥമിക കാർഷിക വായ്പാ സംഘം അഥവാ പ്രാഥമിക ഭവനനിർമ്മാണ സംഘം", "സംഘം", "പ്രസ്തുത ബാങ്ക് അഥവാ സംഘം" എന്നീ വാക്കുകൾ പകരം ചേർത്ത് വരുത്തിയ ഭേദഗതിയോടുകൂടി ബാധകമാകുന്നതാണ്.

** ** ** **

56. <u>അറ്റാദായം വിനിയോഗിക്കൽ.</u>—(1) ഒരു സംഘം ഏതെങ്കിലും വർഷത്തെ അതിന്റെ അറ്റാദായത്തിൽ നിന്ന്,—

** ** ** **

(3) ഈ ആക്റ്റിലെ 18-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ജില്ലാ സഹകരണ ബാങ്കുകളുടെ സംഗതിയിൽ 'അംഗം' എന്ന പദത്തിൽ (2)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിന്റെ ആവശ്യത്തിനായി നോമിനൽ അംഗവും അസോസിയേറ്റ് അംഗവും ഉൾപ്പെടുന്നതാണ്.

** ** ** **

59. <u>വായ്പകളിൻമേൽ നിയന്ത്രണങ്ങൾ.</u>—(1) സംഘം, അംഗമല്ലാത്ത യാതൊരാൾക്കോ സംഘത്തിനോ വായ്പ നൽകാൻ പാടില്ലാത്താകുന്നു:

എന്നാൽ ഒരു ജില്ലാ സഹകരണ ബാങ്ക് അതിന്റെ നോമിനൽ അല്ലെങ്കിൽ അസോസിയേറ്റ് അംഗങ്ങൾക്ക് വായ്പ അനുവദിക്കാവുന്നതാണ്":

** ** ** **

<u>അദ്ധ്യായം X ബി</u>

74B. <u>ശാഖകൾ തുറക്കൽ.</u>—(1) സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് അവയുടെ അംഗവായ്പാ സംഘങ്ങൾ അതിലെ അംഗങ്ങൾക്കോ പൊതുജനങ്ങൾക്കോ പര്യാപ്തമായ സേവനം നൽകുന്നതിൽ ദുർബലമാവുകയോ പ്രവർത്തിക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം അങ്ങനെയുള്ള അവയുടെ അംഗവായ്പാ സംഘങ്ങളുടെ പ്രവർത്തന പ്രദേശങ്ങളിൽ ശാഖകൾ തുറക്കാവുന്നതാണ്.

(2) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ഉൾപ്പെടെയുള്ള എല്ലാ പ്രാഥമിക വായ്പാ സംഘങ്ങൾക്കും രജിസ്ട്രാറുടെ രേഖാമൂലമായ മുൻകൂർ അനുവാദത്തോടുകൂടി അവയുടെ പ്രവർത്തനമേഖലയിൽ ശാഖകൾ തുറക്കാവുന്നതാണ്.".

** ** ** **

74 ജി. സഹകരണ സംഘങ്ങളിൽ വായനശാല.—ഓരോ സഹകരണ സംഘവും ഒരു വായനശാല സ്ഥാപിക്കേണ്ടതാണ്:

എന്നാൽ ഈ വ്യവസ്ഥയിൽ അടങ്ങിയിട്ടുള്ള യാതൊന്നും തന്നെ തുടർച്ചയായി അഞ്ചുവർഷക്കാലയളവുവരെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഒരു സംഘത്തിന് ബാധകമാകുന്നതല്ല.".

** ** ** **

88. സർക്കിൾ സഹകരണ യൂണിയനുകളുടെ രൂപീകരണം.—(1) സംസ്ഥാനത്തിനകത്തുള്ള ഓരോ സർക്കിളിനും സർക്കാർ, ഗസറ്റിൽ വിജ്ഞാപനം വഴി ഇനിപ്പറയുന്ന അംഗങ്ങളോടുകൂടിയ ഒരു സർക്കിൾ സഹകരണ യൂണിയൻ രൂപീകരിക്കേണ്ടതാണ്, അതായത്:—

** ** ** **

(ബി) ആ സർക്കിളിന് മേൽ അധികാരിതയുള്ള ജില്ലാ സഹകരണ ബാങ്കിന്റെ ഡയറക്ടർ ബോർഡ് അവരിൽ നിന്നും തിരഞ്ഞെടുക്കുന്ന ഒരു അംഗം ;

** ** ** **

89. സംസ്ഥാന സഹകരണ യൂണിയൻ സ്ഥാപിക്കൽ.—(1) ഗസറ്റിൽ വിജ്ഞാപനം മൂലം, ഗവൺമെന്റ്, ഒരു സംസ്ഥാന സഹകരണ യൂണിയൻ സ്ഥാപിക്കേണ്ടതാണ്.

** ** ** **

(3) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ഓരോ സർക്കിൾ സഹകരണ യൂണിയനും, അപ്പക്സ് സംഘവും, ജില്ലാ സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളില്ലാത്ത കേന്ദ്ര സംഘവും ഒരു പ്രതിനിധിയെ തെരഞ്ഞെടുക്കേണ്ടതും, സംസ്ഥാന സഹകരണ യൂണിയന്റെ ജനറൽബോഡി അപ്രകാരമുള്ള എല്ലാ പ്രതിനിധികളും, ജീവനക്കാരുടെ പ്രതിനിധികളും, വനിതാ അംഗങ്ങളുടെ പ്രതിനിധിയും, പട്ടികജാതികളിലോ പട്ടികവർഗ്ഗങ്ങളിലോ പെടുന്ന അംഗങ്ങളുടെ പ്രതിനിധിയും, എക്സ് - ഒഫീഷ്യോ അംഗങ്ങളും സംസ്ഥാന സഹകരണ യൂണിയന്റെ മാനേജിംഗ് കമ്മിറ്റിയിലുള്ള സർക്കാർ നാമനിർദ്ദേശം ചെയ്യുവരും ചേർന്നുള്ളതായിരിക്കുന്നതുമാണ്.

(4) (2)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള മാനേജിംഗ് കമ്മിറ്റിയിൽ ഇനിപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

** ** ** **

(ബി) സംസ്ഥാനത്തിലെ അപ്പക്സ് സംഘങ്ങളുടെ പ്രതിനിധികൾ അവരിൽ നിന്നും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ തിരഞ്ഞെടുത്ത രണ്ട് അംഗങ്ങൾ;

(സി) ജില്ലാ സഹകരണ ബാങ്കുകളുടെ പ്രതിനിധികൾ അവരിൽ നിന്നും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ തെരഞ്ഞെടുത്ത ഒരംഗം;

** ** ** **

<u>പട്ടിക 1</u>

[വകുപ്പ് 80(3 എ) കാണുക]

** ** ** **

16. തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 4312.
17. കൊല്ലം ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 4311.
18. പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 4365.
19. ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 4310.
20. കോട്ടയം ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 4309.
21. ഇടുക്കി ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 4334.
22. എറണാകുളം ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 4325.
23. തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 60.
24. പാലക്കാട് ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി. 521.
25. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 4329.
26. കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്. 1635.
27. വയനാട് ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 4357.
28. കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ സി. 266.
29. കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 4367.

---